**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1915** **04-02-2026 - ൽ മറുപടിയ്ക്ക്**

**ന്യൂനപക്ഷക്ഷേമ വകുപ്പ് നൽകുന്ന സ്കോളർഷിപ്പുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | 2020–2021 സാമ്പത്തിക വർഷം മുതൽ ന്യൂനപക്ഷ ക്ഷേമ വകുപ്പിന് കീഴിൽ സർക്കാർ ഓരോ വർഷവും വകയിരുത്തിയിട്ടുള്ള ബജറ്റ് വിഹിതം എത്രയാണെന്നും അതിൽ ഓരോ വർഷവും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ; | (എ) | 2020-21 സാമ്പത്തിക വർഷം മുതൽ ന്യൂനപക്ഷക്ഷേമ വകുപ്പിന് സർക്കാർ ഓരോ വർഷവും വകയിരുത്തിയിട്ടുള്ള ബജറ്റ് വിഹിതവും ചെലവഴിച്ചിട്ടുള്ള തുകയും **അനുബന്ധം എ** ആയി ചേർക്കുന്നു. |
| (ബി) | ന്യൂനപക്ഷക്ഷേമ വകുപ്പിന് കീഴിൽ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ, ആനുകൂല്യങ്ങൾ, സ്കോളർഷിപ്പുകൾ എന്നിവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഓരോ പദ്ധതിയ്ക്കും നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും അറിയിക്കാമോ; | (ബി) | **വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന പദ്ധതികൾ**<br><br>1.**ഇമ്പിച്ചി ബാവ ഭവന പുനരുദ്ധാരണ പദ്ധതി**<br><br>വിധവകളും വിവാഹബന്ധം വേർപ്പെട്ടുത്തിയവരും, ഉപേക്ഷിക്കപ്പെട്ടവരുമായ ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ടവർക്ക് ഭവന പുനരുദ്ധാരണത്തിന് ധനസഹായം നൽകുന്ന പദ്ധതി. 50,000/ രൂപയാണ് ധനസഹായമായി നൽകുന്നത്.<br><br>2.**പ്രധാനമന്ത്രി ജൻവികാസ് കാര്യക്രം പദ്ധതി**<br>ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ വിദ്യാഭ്യാസം, ആരോഗ്യം, നൈപുണ്യ വികസനം, കായികം എന്നീ മേഖലകളിലെ ആസ്തി വികസനം ലക്ഷ്യമാക്കി നടപ്പിലാക്കുന്ന പദ്ധതി. 60:40 എന്ന തോതിൽ കേന്ദ്ര-സംസ്ഥാന വിഹിതം ഉപയോഗിച്ച് കൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്.<br><br>3.**വിവാഹ പൂർവ്വ കൗൺസലിംഗ് പദ്ധതി (PATHWAY SOCIAL WELLNESS PROGRAMME)**<br>ന്യൂനപക്ഷ വിഭാഗത്തിലെ വിവാഹമോചന നിരക്ക് കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന കൗൺസലിംഗ് പദ്ധതി.<br><br>4.**ന്യൂനപക്ഷ വിഭാഗത്തിലെ വിധവകൾ/ വിവാഹമോചിതർ/ ഉപേക്ഷിക്കപെട്ട വിഭാഗത്തിലെ** |

**സ്ത്രീകൾക്കുള്ള സ്വയം തൊഴിൽ പദ്ധതി**

സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പ്, കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ എന്നിവ മുഖാന്തിരം ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട വിധവകൾ, വിവാഹ മോചിതർ, ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ തുടങ്ങിയവർക്ക് 20% സബ്സിഡിയോട് കൂടി സ്വയം തൊഴിൽ ആരംഭിക്കുന്നതിന് വായ്പ അനുവദിക്കുന്ന പദ്ധതി. പരമാവധി 5 ലക്ഷം രൂപവരെ വായ്പയായി അനുവദിക്കുന്നു.

5. **സൗജന്യ വ്യക്തിത്വ വികസന- കരിയർ ഗൈഡൻസ് പരിശീലനം (പാസ് വേഡ്)**

ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന എസ്.എസ്.എൽ.സി /പ്ലസ് ടു, വൊക്കേഷണൽ ഹയർ സെക്കന്ററി എന്നീ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ് പരിശീലനം നൽകുന്ന പദ്ധതി.

**സ്കോളർഷിപ്പ് പദ്ധതികൾ**

1.**എ പി ജെ അബ്ദുൾ കലാം സ്കോളർഷിപ്പ്-** സർക്കാർ/ എയ്ഡഡ്/ സർക്കാർ അംഗീകൃത സെൽഫ് ഫിനാൻസ് മേഖലയിലെ പോളിടെക്നിക്കുകളിൽ ത്രിവത്സര ഡിപ്ലോമ കോഴ്സ് പഠിക്കുന്ന വിദ്യാർത്ഥികൾക്കായി എ പി ജെ അബ്ദുൾ കലാം സ്കോളർഷിപ്പ് മുഖേന ഒറ്റത്തവണ 6,000/- രൂപ സ്കോളർഷിപ്പായി നൽകി വരുന്നു.

2.**ഐ ടി സി ഫീ റീഇമ്പേഴ്സ്മെന്റ് സ്കീം** -സർക്കാർ അംഗീകൃത സ്വകാര്യ ഐ.ടി.ഐ/ഐ.ടി.സി-ൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കു അടച്ച ഫീസ് തിരിച്ചു നൽകുന്ന പദ്ധതിയായ ഐ ടി സി ഫീ റീഇമ്പേഴ്സ്മെന്റ് സ്കീം മുഖേന ഒരു വർഷ കോഴ്സിന് 10,000/- രൂപയും രണ്ടു വർഷ കോഴ്സിന് 20,000/- രൂപയും നൽകി വരുന്നു.

3.**സി.എ/സി.എം.എ/സി.എസ് സ്കോളർഷിപ്പ്-** സി.എ/സിഎംഎ/സിഎസ് എന്നീ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്കായി 15,000/- രൂപ സ്കോളർഷിപ്പായി നൽകി വരുന്നു.

4.**പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്-** എസ് എസ് എൽ സി/ ടി എച്ച് എസ് എൽ സി/ പ്ലസ്ടു/ വി എച്ച് എസ് സി എന്നീ കോഴ്സുകൾക്കു ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്ക് 10,000/- രൂപ, ബിരുദം/ബിരുദാനന്തര

കോഴ്സുകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്ക് 15,000/- രൂപ എന്ന നിരക്കിൽ സ്കോളർഷിപ്പുകൾ നൽകി വരുന്നു.

5.**സിവിൽ സർവീസ് ഫീ റീഇൻബേഴ്സ്മെന്റ് സ്കീം-** സിവിൽ സർവീസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീ ഇനത്തിൽ 20,000/- രൂപയും ഹോസ്റ്റൽ ഫീ ഇനത്തിൽ 10,000/- രൂപയും നൽകി വരുന്നു.

6.**മദർ തെരേസ്സ സ്കോളർഷിപ്പ്-**ജനറൽ നേഴ്സിങ്/ പാര മെഡിക്കൽ കോഴ്സുകൾ എന്നിവയ്ക്ക പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രസ്തുത സ്കീം മുഖേന 15,000/- രൂപ സ്കോളർഷിപ്പ് ആയി നൽകി വരുന്നു.

7.**സി.എച്ച്.മുഹമ്മദ് കോയ സ്കോളർഷിപ്പ്-**ബിരുദം/ ബിരുദാനന്തരം, പ്രൊഫഷണൽ കോഴ്സുകൾ എന്നിവയ്ക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രസ്തുത സ്കീം വഴി സ്കോളർഷിപ്പ് നൽകി വരുന്നു. ബിരുദത്തിനു പഠിക്കുന്ന വിദ്യാർഥിനികൾക്ക് 5,000/- രൂപയും ബിരുദാനന്തര ബിരുദത്തിനു പഠിക്കുന്ന വിദ്യാർഥിനികൾക്ക് 6,000/- രൂപയും പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥിനികൾക്ക് 7,000/- രൂപയും എന്നാൽ ഹോസ്റ്റലേഴ്സ് ആയ വിദ്യാർത്ഥിനികൾക്ക് 13,000/- രൂപയും (സ്കോളർഷിപ്പ് തുകയും ഹോസ്റ്റൽ സ്റ്റൈപ്പന്റ് തുകയും ചേർത്ത്) നൽകുന്നു.

8. **വിദേശ പഠന സ്കോളർഷിപ്പ്-**വിദേശ സർവ്വകലാശാലകളിൽ ബിരുദം/ബിരുദാന്തര ബിരുദം, പി.എച്ച്.ഡി തുടങ്ങിയ ഉന്നത വിദ്യാഭ്യാസം തേടുന്നവർക്ക് സ്കോളർഷിപ്പ് ഇനത്തിൽ 5,00,000/- രൂപ നൽകുന്നു.

9. **IIT/IIM/IIsc/IMsc സ്കോളർഷിപ്പ്-** രാജ്യത്തെ പ്രധാനപ്പെട്ട ഉന്നത വിദ്യാഭ്യസ സ്ഥാപനങ്ങളായ IIT/IIM/IIsc/IMsc എന്നിവിടങ്ങളിൽ ഉപരിപഠനം നടത്തുന്നവർക്ക് പ്രസ്തുത സ്കീം മുഖേന 50,000/- രൂപ സ്കോളർഷിപ്പായി നൽകുന്നു.

10.**മാർഗ്ഗ ദീപം സ്കോളർഷിപ്പ്-** 1 മുതൽ 8 ആം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്കു മാർഗ്ഗ ദീപം സ്കോളർഷിപ്പ് മുഖേന പ്രതിവർഷം 1,500 /- രൂപ നൽകി വരുന്നു.

11.**ചീഫ് മിനിസ്റ്റേഴ്സ് റിസർച്ച് ഫെല്ലോഷിപ്പ് ഫോർ മൈനോറിറ്റീസ്- ന്യൂനപക്ഷ വിഭാഗത്തിലെ ഗവേഷക വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിനായി " ചീഫ് മിനിസ്റ്റേഴ്സ് റിസർച്ച്**

| | | | |
|---|---|---|---|
| | | | **ഫെല്ലോഷിപ്പ് ഫോർ മൈനോറിറ്റീസ്" പദ്ധതിയ്ക്ക് 31.10.2025-ലെ സ.ഉ(സാധാ) 4732/2025/GAD പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ഗവേഷണ വിദ്യാർത്ഥികൾക്ക് ഗവേഷണ പഠന കാലയളവിൽ(5വർഷം) പ്രതിവർഷം 2,40,000/-രൂപ നിരക്കിൽ 3ഗഡുക്കളായി (5വർഷ കോഴ്സ് കാലയളവിൽ ഏതെങ്കിലും മൂന്ന് വർഷം) 7,20,000രൂപ അനുവദിക്കുന്നതിനാണ് വകുപ്പ് ലക്ഷ്യമിടുന്നത്. സ്കോളർഷിപ്പ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുള്ളതും 2026 ജനുവരി മാസത്തിൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. അർഹരായ അപേക്ഷകർക്ക് 2026ഫെബ്രുവരി മാസത്തോടു കൂടി ഫണ്ട് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.**<br><br>12. **ഇബ്രാഹിം സുലൈമാൻ സേട്ട് ഉറുദു സ്കോളർഷിപ്പ് അവാർഡ്-** ഉറുദു ഐച്ഛികഭാഷയായെടുത്ത് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ഗ്രേഡ് നേടിയ എസ്.എസ്.എൽ.സി & ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് നൽകുന്ന പദ്ധതി. ഒരു വിദ്യാർത്ഥിക്ക് 1000/- രൂപയാണ് ക്യാഷ് അവാർഡ്.<br><br>**നൈപുണ്യ പരിശീലന പദ്ധതികൾ**<br><br>1. ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് അസാപ് മുഖേന നൈപുണ്യ പരിശീലന പരിപാടി<br><br>2. യൂ.ജി.സി/സി.എസ്.ഐ.ആർ- നെറ്റ് കോച്ചിങ്<br><br>PMJVK പദ്ധതി ഒഴികെയുള്ള പദ്ധതികൾക്ക് കേന്ദ്ര വിഹിതം ലഭ്യമാകുന്നില്ല. പൂർണ്ണമായും സംസ്ഥാന വിഹിതം ഉപയോഗിച്ചാണ് പദ്ധതികൾ നടപ്പിലാക്കി വരുന്നത്.<br><br>മേൽ പദ്ധതികൾ നടപ്പിലാക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും **അനുബന്ധം ബി-** ആയി ചേർക്കുന്നു. |
| (സി) | ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകി വരുന്ന ആനുകൂല്യങ്ങളും സഹായങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; ഇതിൽ കേന്ദ്ര സംസ്ഥാന വിഹിതങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ; | (സി) | **വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന പദ്ധതികൾ**<br><br>1.**ഇമ്പിച്ചി ബാവ ഭവന പുനരുദ്ധാരണ പദ്ധതി**<br><br>വിധവകളും വിവാഹബന്ധം വേർപ്പെടുത്തിയവരും, ഉപേക്ഷിക്കപ്പെട്ടവരുമായ ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ടവർക്ക് ഭവന പുനരുദ്ധാരണത്തിന് ധനസഹായം നൽകുന്ന |

പദ്ധതി. 50,000/ രൂപയാണ് ധനസഹായമായി നൽകുന്നത്.

2.**പ്രധാനമന്ത്രി ജൻവികാസ് കാര്യക്രം പദ്ധതി**
ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ വിദ്യാഭ്യാസം, ആരോഗ്യം, നൈപുണ്യ വികസനം, കായികം എന്നീ മേഖലകളിലെ ആസ്തി വികസനം ലക്ഷ്യമാക്കി നടപ്പിലാക്കുന്ന പദ്ധതി. 60:40 എന്ന തോതിൽ കേന്ദ്ര-സംസ്ഥാന വിഹിതം ഉപയോഗിച്ച് കൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്.

3.**വിവാഹ പൂർവ്വ കൗൺസലിംഗ് പദ്ധതി (PATHWAY SOCIAL WELLNESS PROGRAMME)**
ന്യൂനപക്ഷ വിഭാഗത്തിലെ വിവാഹമോചന നിരക്ക് കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന കൗൺസലിംഗ് പദ്ധതി.

4.**ന്യൂനപക്ഷ വിഭാഗത്തിലെ വിധവകൾ/ വിവാഹമോചിതർ/ ഉപേക്ഷിക്കപെട്ട വിഭാഗത്തിലെ സ്ത്രീകൾക്കുള്ള സ്വയം തൊഴിൽ പദ്ധതി**

സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പ്, കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ എന്നിവ മുഖാന്തിരം ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട വിധവകൾ, വിവാഹ മോചിതർ, ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ തുടങ്ങിയവർക്ക് 20% സബ്സിഡിയോട് കൂടി സ്വയം തൊഴിൽ ആരംഭിക്കുന്നതിന് വായ്പ അനുവദിക്കുന്ന പദ്ധതി. പരമാവധി 5 ലക്ഷം രൂപവരെ വായ്പയായി അനുവദിക്കുന്നു.

5. **സൗജന്യ വ്യക്തിത്വ വികസന- കരിയർ ഗൈഡൻസ് പരിശീലനം (പാസ് വേഡ്)**

ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന എസ്.എസ്.എൽ.സി /പ്ലസ് ടു, വൊക്കേഷണൽ ഹയർ സെക്കന്ററി എന്നീ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ് പരിശീലനം നൽകുന്ന പദ്ധതി.

**സ്കോളർഷിപ്പ് പദ്ധതികൾ**

1.**എ പി ജെ അബ്ദുൾ കലാം സ്കോളർഷിപ്പ്-**
സർക്കാർ/ എയ്ഡഡ്/ സർക്കാർ അംഗീകൃത സെൽഫ് ഫിനാൻസ് മേഖലയിലെ പോളിടെക്നിക്കുകളിൽ ത്രിവത്സര ഡിപ്ലോമ കോഴ്സ് പഠിക്കുന്ന വിദ്യാർത്ഥികൾക്കായി എ പി ജെ അബ്ദുൾ

കലാം സ്കോളർഷിപ്പ് മുഖേന ഒറ്റത്തവണ 6,000/- രൂപ സ്കോളർഷിപ്പായി നൽകി വരുന്നു.

2.**ഐ ടി സി ഫീ റീഇമ്പേഴ്സ്മെന്റ് സ്കീം** -സർക്കാർ അംഗീകൃത സ്വകാര്യ ഐ.ടി.ഐ/ഐ.ടി.സി-ൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കു അടച്ച ഫീസ് തിരിച്ചു നൽകുന്ന പദ്ധതിയായ ഐ ടി സി ഫീ റീഇമ്പേഴ്സ്മെന്റ് സ്കീം മുഖേന ഒരു വർഷ കോഴ്സിന് 10,000/- രൂപയും രണ്ടു വർഷ കോഴ്സിന് 20,000/- രൂപയും നൽകി വരുന്നു.

3.**സി.എ/സി.എം.എ/സി.എസ് സ്കോളർഷിപ്പ്**- സി.എ/സിഎംഎ/സിഎസ് എന്നീ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്കായി 15,000/- രൂപ സ്കോളർഷിപ്പായി നൽകി വരുന്നു.

4.**പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്**- എസ് എസ് എൽ സി/ ടി എച്ച് എസ് എൽ സി/ പ്ലസ്ടു/ വി എച്ച് എസ് സി എന്നീ കോഴ്സുകൾക്കു ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്ക് 10,000/- രൂപ, ബിരുദം/ബിരുദാനന്തര കോഴ്സുകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്ക് 15,000/- രൂപ എന്ന നിരക്കിൽ സ്കോളർഷിപ്പുകൾ നൽകി വരുന്നു.

5.**സിവിൽ സർവീസ് ഫീ റീഇൻബേഴ്സ്മെന്റ് സ്കീം**- സിവിൽ സർവീസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീ ഇനത്തിൽ 20,000/- രൂപയും ഹോസ്റ്റൽ ഫീ ഇനത്തിൽ 10,000/- രൂപയും നൽകി വരുന്നു.

6.**മദർ തെരേസ്സ സ്കോളർഷിപ്പ്**-ജനറൽ നേഴ്സിങ്/ പാര മെഡിക്കൽ കോഴ്സുകൾ എന്നിവയ്ക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രസ്തുത സ്കീം മുഖേന 15,000/- രൂപ സ്കോളർഷിപ്പ് ആയി നൽകി വരുന്നു.

7.**സി.എച്ച്.മുഹമ്മദ് കോയ സ്കോളർഷിപ്പ്**-ബിരുദം/ ബിരുദാനന്തരം, പ്രൊഫഷണൽ കോഴ്സുകൾ എന്നിവയ്ക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രസ്തുത സ്കീം വഴി സ്കോളർഷിപ്പ് നൽകി വരുന്നു. ബിരുദത്തിനു പഠിക്കുന്ന വിദ്യാർഥിനികൾക്ക് 5,000/- രൂപയും ബിരുദാനന്തര ബിരുദത്തിനു പഠിക്കുന്ന വിദ്യാർഥിനികൾക്ക് 6,000/- രൂപയും പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥിനികൾക്ക് 7,000/- രൂപയും എന്നാൽ ഹോസ്റ്റലേഴ്സ് ആയ വിദ്യാർത്ഥിനികൾക്ക് 13,000/- രൂപയും (സ്കോളർഷിപ്പ് തുകയും ഹോസ്റ്റൽ സ്റ്റൈപ്പന്റ് തുകയും ചേർത്ത്) നൽകുന്നു.

8. **വിദേശ പഠന സ്കോളർഷിപ്പ്**-വിദേശ സർവ്വകലാശാലകളിൽ ബിരുദം/ബിരുദാന്തര ബിരുദം, പി.എച്ച്.ഡി തുടങ്ങിയ ഉന്നത വിദ്യാഭ്യാസം തേടുന്നവർക്ക് സ്കോളർഷിപ്പ് ഇനത്തിൽ 5,00,000/- രൂപ നൽകുന്നു.

9. **IIT/IIM/IIsc/IMsc സ്കോളർഷിപ്പ്**- രാജ്യത്തെ പ്രധാനപ്പെട്ട ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളായ IIT/IIM/IIsc/IMsc എന്നിവിടങ്ങളിൽ ഉപരിപഠനം നടത്തുന്നവർക്ക് പ്രസ്തുത സ്കീം മുഖേന 50,000/- രൂപ സ്കോളർഷിപ്പായി നൽകുന്നു.

10.**മാർഗ്ഗ ദീപം സ്കോളർഷിപ്പ്**- 1 മുതൽ 8 ആം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്കു മാർഗ്ഗ ദീപം സ്കോളർഷിപ്പ് മുഖേന പ്രതിവർഷം 1,500 /- രൂപ നൽകി വരുന്നു.

11.**ചീഫ് മിനിസ്റ്റേഴ്സ് റിസർച്ച് ഫെല്ലോഷിപ്പ് ഫോർ മൈനോറിറ്റീസ്- ന്യൂനപക്ഷ വിഭാഗത്തിലെ ഗവേഷക വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിനായി " ചീഫ് മിനിസ്റ്റേഴ്സ് റിസർച്ച് ഫെല്ലോഷിപ്പ് ഫോർ മൈനോറിറ്റീസ്" പദ്ധതിയ്ക്ക് 31.10.2025-ലെ സ.ഉ(സാധാ) 4732/2025/GAD പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ഗവേഷണ വിദ്യാർത്ഥികൾക്ക് ഗവേഷണ പഠന കാലയളവിൽ(5വർഷം) പ്രതിവർഷം 2,40,000/-രൂപ നിരക്കിൽ 3ഗഡുക്കളായി (5വർഷ കോഴ്സ് കാലയളവിൽ ഏതെങ്കിലും മൂന്നു വർഷം) 7,20,000രൂപ അനുവദിക്കുന്നതിനാണ് വകുപ്പ് ലക്ഷ്യമിടുന്നത്. സ്കോളർഷിപ്പ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുള്ളതും 2026 ജനുവരി മാസത്തിൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. അർഹരായ അപേക്ഷകർക്ക് 2026ഫെബ്രുവരി മാസത്തോടു കൂടി ഫണ്ട് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.**

12. **ഇബ്രാഹിം സുലൈമാൻ സേട്ട് ഉറുദു സ്കോളർഷിപ്പ് അവാർഡ്**- ഉറുദു ഐച്ഛികഭാഷയായെടുത്ത് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ഗ്രേഡ് നേടിയ എസ്.എസ്.എൽ.സി & ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് നൽകുന്ന പദ്ധതി. ഒരു വിദ്യാർത്ഥിക്ക് 1000/- രൂപയാണ് ക്യാഷ് അവാർഡ്.

**നൈപുണ്യ പരിശീലന പദ്ധതികൾ**

| | | | |
|---|---|---|---|
| | | | 1. ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് അസാപ് മുഖേന നൈപുണ്യ പരിശീലന പരിപാടി<br><br>2. യു.ജി.സി/സി.എസ്.ഐ.ആർ- നെറ്റ് കോച്ചിങ്<br><br>PMJVK പദ്ധതി ഒഴികെയുള്ള പദ്ധതികൾക്ക് കേന്ദ്ര വിഹിതം ലഭ്യമാകുന്നില്ല. പൂർണ്ണമായും സംസ്ഥാന വിഹിതം ഉപയോഗിച്ചാണ് പദ്ധതികൾ നടപ്പിലാക്കി വരുന്നത്.<br><br>മേൽ പദ്ധതികൾ നടപ്പിലാക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും **അനുബന്ധം ബി-** ആയി ചേർക്കുന്നു. |
| (ഡി) | 2020-2021 മുതൽ വിവിധ സ്കോളർഷിപ്പ് ഇനത്തിൽ ന്യൂനപക്ഷക്ഷേമ വകുപ്പ് ചെലവഴിച്ച തുകയുടെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;അതിൽ ഓരോ ആനുകൂല്യങ്ങളും സ്കോളർഷിപ്പുകളും ഏതു മാസം വരെയുള്ളത് വിതരണം ചെയ്തിട്ടുണ്ടെന്നും ഏതെങ്കിലും കുടിശിക ആയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; എങ്കിൽ കാരണം വിശദമാക്കാമോ? | (ഡി) | **അനുബന്ധം -സി** -ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം എ

| വർഷം | നോൺ പ്ലാൻ | | പ്ലാൻ | |
|---|---|---|---|---|
| | ബജറ്റ് വിഹിതം | ചെലവഴിച്ച തുക | ബജറ്റ് വിഹിതം | ചെലവഴിച്ച തുക |
| 20-21 | 146228000 | 129540973 | 524101000 | 320371034 |
| 21-22 | 245397000 | 206898065 | 1240353000 | 1087752362 |
| 22-23 | 178633000 | 127890969 | 760100000 | 313639667 |
| 23-24 | 171686000 | 144498664 | 760100000 | 199583941 |
| 24-25 | 175285000 | 159029790 | 981970000 | 424434764 |
| 25-26 | 205131000 | 110066630 | 1056300000 | 240909343 |



**സെക്ഷൻ ഓഫീസർ**

**അനുബന്ധം ബി**

നടപ്പ് സാമ്പത്തീക വർഷം (2025-26) വിവിധ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടെയും, ചെലവഴിച്ച തുകയുടെയും വിശദാംശം ചുവടെ ചേർക്കുന്നു.

**പദ്ധതികൾ**

| ക്രമ. നം | പദ്ധതിയുടെ പേര് | ഹെഡ് ഓഫ് അക്കൌണ്ട് | ബജറ്റിൽ വകയിരുത്തിയ തുക (രൂപ ലക്ഷത്തിൽ) | ചെലവഴിച്ചത് (രൂപ ലക്ഷത്തിൽ) |
|---|---|---|---|---|
| 1 | ഇമ്പിച്ചി ബാവ ഭവന പുനരുദ്ധാരണ പദ്ധതി | 2225-04-283-99 | 500 | 81.5 |
| 2 | പ്രധാനമന്ത്രി ജൻവികാസ് കാര്യക്രം പദ്ധതി | 4225-04-190-99-1<br>4225-04-190-99-2 | 2400 (Centre)<br>1600 (State) | 500 (Centre)<br>290 (State)<br>Total - 790.5 |
| 3 | വിവാഹ പൂർവ്വ കൗൺസലിംഗ് പദ്ധതി (Pre Marital counseling) | 2225-04-277-87 | 50 | 0 |
| 4 | സ്വയം തൊഴിൽ പദ്ധതി | 2225-04-102-88 | 500 | 0 |
| 5 | സൗജന്യ വ്യക്തിത്വ വികസന- കരിയർ ഗൈഡൻസ് പരിശീലനം (പാസ് വേഡ്) | 2225-04-277-95 | 120 | 54.22902 |

## സ്കോളർഷിപ്പ് പദ്ധതികൾ

| ക്രമ.നം | സ്കോളർഷിപ്പിന്റെ പേര് | ഹെഡ് ഓഫ് അക്കൌണ്ട് | ബജറ്റിൽ വകയിരുത്തിയ തുക (രൂപ ലക്ഷത്തിൽ) | ചെലവഴിച്ചത് (രൂപ ലക്ഷത്തിൽ) |
|---|---|---|---|---|
| 1 | എ.പി.ജെ അബ്ദുൽ കലാം സ്കോളർഷിപ്പ് | “2225-04-277-88-12(P)” | 82 | 0 |
| 2 | സി.എച്ച്.മുഹമ്മദ് കോയ സ്കോളർഷിപ്പ് (പുതിയത്) | “2225-04-001-99-12 (Non Plan)” | 800 | 0 |
| 3 | ഐ.റ്റി.ഐ - ഫീ റീ ഇംബേഴ്സ്മെന്റ് സ്കീം | “2225-04-277-94(P)” | 582 | 1.5 |
| | നൈപുണ്യ പരിശീലന പദ്ധതി | “2225-04-277-94(P)” | | 61.039 |
| 4 | സി.എ/സി.എം.എ/സി.എസ് സ്കോളർഷിപ്പ് | “2225-04-277-96-12 (P)” | 97 | 0 |
| 5 | IITs, IIM, IISc, IMSc എന്നീ ഉന്നത സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | “2225-04-277-96-12 (P)” | | 16.5 |
| 6 | യു.ജി.സി/സി.എസ്.ഐ.ആർ-നെറ്റ് പരിശീലനം | “2225-04-277-96-12 (P)” | | 0 |

<table>
<tr><td>7</td><td>മദർതേരസ സ്കോളർഷിപ്പ്</td><td>“2225-04-277-89-12 (P)”</td><td>68</td><td>0</td></tr>
<tr><td>8</td><td>പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ്</td><td>“2225-04-277-91-12(P)”</td><td rowspan="3">714</td><td>0</td></tr>
<tr><td>9</td><td>സിവിൽ സർവ്വീസ് ഫീ റീ ഇംമ്പേഴ്സ്മെന്റ് സ്കീം</td><td>“2225-04-277-91-12(P)”</td><td>0.605</td></tr>
<tr><td>10</td><td>വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പ്</td><td>“2225-04-277-91-12(P)”</td><td>105</td></tr>
<tr><td>11</td><td>മാർഗദീപം സ്കോളർഷിപ്പ്</td><td>“2225-04-277-86-12(P)”</td><td>2000</td><td>1895.07</td></tr>
<tr><td>12</td><td>സി.എം റിസർച്ച് ഫെല്ലോഷിപ്പ് ഫോർ മൈനോറിറ്റീസ്</td><td>“2225-04-277-85-12(P)”</td><td>600</td><td>0</td></tr>
<tr><td>13</td><td>ഇബ്രാഹീം സുലൈമാൻ സേട്ട് ഉർദു സ്കോളർഷിപ്പ്</td><td>“2225-04-102-92-34-3 (OC) NP” - Implementation of schemes recommended as per Justice Sachar Committee Report</td><td>-</td><td>-</td></tr>
</table>

സെക്ഷൻ ഓഫീസർ

**അനിബന്ധം സി**

2020-21 മുതൽ നാളിതുവരെ വിവിധ സ്കോളർഷിപ്പിനത്തിൽ ന്യൂനപക്ഷ ക്ഷേമ വകുപ്പ് ചെലവഴിച്ച തുകയുടെ വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| സ്കോളർഷിപ്പ് പേര് | ചെലവഴിച്ച തുക(ലക്ഷം) 2020-21 | ചെലവഴിച്ച തുക(ലക്ഷം) 2021-22 | ചെലവഴിച്ച തുക(ലക്ഷം) 2022-23 | ചെലവഴിച്ച തുക(ലക്ഷം) 2023-24 | ചെലവഴിച്ച തുക(ലക്ഷം) 2024-25 | ചെലവഴിച്ച തുക(ലക്ഷം) 2025-26 |
|---|---|---|---|---|---|---|
| പ്രൊഫ.ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ് 2225-04-277-91-12(P) | 300 | 472 | 461.95 | 472 | 524 | 0 |
| സിവിൽ സർവ്വീസ് ഫീ റീഇംബേഴ്സ്മെന്റ് സ്കോളർഷിപ്പ് 2225-04-277-91-12(P) | 8.10 | 10.799 | 10.47 | 17.16 | 5.5525 | 0.605 |
| വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പ്2225-04-277-91-12(P) | 0 | 77.667 | 53.45 | 146.61 | 144.264 | 105 |

| | | | | | | |
|---|---|---|---|---|---|---|
| I സി.എ/സി.എം.എ/ സി.എസ് സ്കോളർഷിപ്പ് 2225-04-277-96-12 (P) | 40.05 | 31.80 | 28.62 | 50.55 | 57.6746 | 0 |
| IT/IIM/IISC/IMSC സ്കോളർഷിപ്പ് 2225-04-277-96-12 (P) | 0 | 0 | 0 | 17.5 | 18 | 16.5 |
| യു.ജി,സി/ സി.എസ്.ഐ.ആർ-നെറ്റ് കോച്ചിംഗ് 2225-04-277-96-12 (P)) | 0 | 5.29 | 14.91 | 16.57 | 8.6733 | 0 |
| ഐ.റ്റി.ഐ - ഫീ റീ ഇംമ്പേഴ്സ്മെന്റ് സ്കീം 2225-04-277-94(P) | 237.82 | 309.60 | 396 | 381.4 | 396.3 | 1.5 |
| നൈപുണ്യ പരിശീലന പദ്ധതി 2225-04-277-94(P) | 0 | 0 | 5.95 | 13.8238 | 24.99 | 61.039 |
| എ.പി.ജെ അബ്ദുൽകലാം സ്കോളർഷിപ്പ് 2225-04-277- | 59.50 | 61.29 | 24.665 | 70.53 | 40.68748 | 0 |

| | | | | | | |
|---|---|---|---|---|---|---|
| 88-12(P) | | | | | | |
| മദർതെരേസ സ്കോളർഷിപ്പ് 2225-04-277-89-12 (P) | 31.65 | 58.05 | 58.31 | 67.35 | 60.7838 | 0 |
| മാർഗ്ഗദീപം സ്കോളർഷിപ്പ് 2225-04-277-86-12(P) | 0 | 0 | 0 | 0 | 1825.3354 | 1895.07 |
| സി.എച്ച്.മുഹമ്മദ് കോയ സ്കോളർഷിപ്പ് 2225-04-001-99-12 | 733.82 | 817 | 531.88 | 648 | 746.26 | 0 |
| ഉർദു സ്കോളർഷിപ്പ് 2225-04-102-92-34-3(OC) | 1.96 | 3.84 | 1.48 | 4.16 | 3.84 | 0 |

കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള എൻ.ഐ.സി. പോർട്ടൽ സാങ്കേതിക പിന്തുണ നൽകാതിരുന്ന സാഹചര്യത്തിലാണ് ഈ സാമ്പത്തിക വർഷം സ്കോളർഷിപ്പ് സംബന്ധിച്ച നടപടികൾ വൈകിയത്. ഇതേ തുടർന്ന് സംസ്ഥാന സർക്കാർ സി-ഡിറ്റിന്റെ സഹായത്തോടെ പുതിയ സോഫ്റ്റ് വെയർ രൂപീകരിച്ചാണ് തുടർപ്രവർത്തനങ്ങൾ നടത്തിയത്.

സ്കോളർഷിപ്പ് ഉൾപ്പെടെയുള്ള തുക ഫെബ്രുവരി മാസം ആദ്യവാരം വിതരണം ചെയ്യും. പി.എം.ജെ.വി.കെ. പദ്ധതികൾക്ക് 2023-ന് ശേഷം കേന്ദ്രം തുക അനുവദിച്ചിട്ടില്ല. സംസ്ഥാന കേന്ദ്ര വിഹിതങ്ങളായി 40 കോടി രൂപ വീതം 2022-23 സാമ്പത്തിക വർഷം മുതൽ ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല.

**സെക്ഷൻ ഓഫീസർ**